(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിർമ്മാണ പ്രവർത്തനം നിർവ്വഹിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കരാർ ഒപ്പുവച്ചിട്ടുണ്ട്.

സാമൂഹ്യനീതിവകുപ്പ് നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ

270 (4316) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പിന്റെകീഴിൽ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏതൊക്കെയെന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഇവയുടെ ഓരോന്നിനുമുള്ള അപേക്ഷകളുടെ കോപ്പിയും അർഹതാ മാനദണ്ഡമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) അറുപത് വയസ്സിന് മുകളിലുള്ള ഏജ് ഗ്രൂപ്പുകാരുടെ വയസ്സ് തിരിച്ചുള്ള പ്രത്യേക കണക്ക് തയ്യാറാക്കിയിട്ടുണ്ടോ ; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് ;

(സി) ഇവർക്കായി സാമൂഹ്യനീതിവകുപ്പ് മുഖേന നടത്തുന്ന സഹായ സംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; ഓരോ പഞ്ചായത്തും കേന്ദ്രീകരിച്ച് ഇവരുടെ സഹായ സംരക്ഷണ പ്രവർത്തനങ്ങൾക്കും ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ശിശുസംരക്ഷണ പദ്ധതികൾ

271 (4317) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെയാണ് 2009 മുതൽ സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) നിലവിൽ വന്നത്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കുട്ടികൾക്ക് പ്രത്യേകിച്ചും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തവരുമായ കുട്ടികൾക്ക് പൂർണ്ണമായി സംരക്ഷണം ഏർപ്പെടുത്തുക എന്നതാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ മുഖ്യലക്ഷ്യം.

(സി)സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും ജില്ലാതലങ്ങളിൽ ജില്ലാതല ശിശു സംരക്ഷണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികളും (CWC) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കു വേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡുകളും (JJB) പ്രവർത്തിച്ചുവരുന്നു. ഇത്തെടുക്കൽ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സ്റ്റേറ്റ് അഡോപ്ഷൻ ഏജൻസിയും (SARA) പ്രവർത്തിച്ചുവരുന്നു.

ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതിവകുപ്പിന് കീഴിൽ 8 ചിൽഡ്രൻസ് ഹോമുകൾ, 8 ഒബ്സർവേഷൻ ഹോമുകൾ, 2 സ്പെഷ്യൽ ഹോമുകൾ, 6 ഒബ്സർവേഷൻ-കം-സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ, ഒരു പ്ലേയ്സ് ഓഫ് സേഫ്റ്റി എന്നിവ ചേർത്ത് ആകെ 25 ജെ.ജെ. ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

സാമൂഹ്യനീതിവകുപ്പിന്റെ ഹെഡ്ക്വോർട്ടേഴ്സിൽ ഒഴിവുള്ള തസ്തികകൾ

272 (4318) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly